**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1965** | **29-09-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തിൽ ഫിഷറീസ്- മത്സ്യ ബന്ധന മേഖലയിൽ കിഫ്ബി വഴി അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ ഫിഷറീസ്- മത്സ്യബന്ധന മേഖലയിൽ കിഫ്ബി വഴി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര കോടിയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യബന്ധന മേഖലയിൽ കിഫ്ബി ധനസഹായത്താൽ 83,599.08 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 30,231.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യബന്ധന മേഖലയിൽ കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ഹാർബർ നിർമ്മാണം | 29454.51 | 16576.80 | 2 ഹാർബറുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 2 | വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതി | 6673.68 | 5077.40 | 57 സ്കൂളുകളിൽ 49 എണ്ണം പൂർത്തീകരിച്ചു. 8 എണ്ണം പുരോഗമിക്കുന്നു |
| 3 | മത്സ്യമാർക്കറ്റ് നിർമ്മാണം | 14517.85 | 1409.02 | 51 മത്സ്യ മാർക്കറ്റുകളിൽ 2 എണ്ണം പൂർത്തീകരിച്ചു. 28 എണ്ണം പുരോഗമിക്കുന്നു. 4 എണ്ണം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. 7 എണ്ണം സാങ്കേതികാനുമതി/ പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (TS/PED) നടപടികൾ സ്വീകരിച്ചു വരുന്നു. 2 എണ്ണം സാങ്കേതികാനുമതി നൽകാനുണ്ട്. 8 എണ്ണം സ്ഥലം ലഭ്യമായിട്ടില്ല. |
| 4 | തീരസംരക്ഷണ പദ്ധതികൾ | 11461.34 | 6177.52 | കണ്ണൂർ ജില്ലയിലെ തലായ്, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ, കൊല്ലം ജില്ലയിലെ കൊല്ലം-താന്നി എന്നീ തീരസംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിൽ തീര സംരക്ഷണ പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 5 | പൂന്തുറ – ജിയോട്യൂബ് ഉപയോഗിച്ചുള്ള തീര സംരക്ഷണ പ്രവൃത്തി | 2078.10 | 990.78 | പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. |
| 6 | കോസ്റ്റൽ ഹൈവേ റീഹാബിലിറ്റേഷൻ & റീ സെറ്റിൽമെന്റ് | 19413.60 | 0.00 | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ സർവ്വേ പൂർത്തീകരിച്ചു. എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പുരോഗമിക്കുന്നു. |